"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിലെ ശ്രീ.അഷറഫ് കുതിരപ്പറമ്പിലിന് ലൈഫ് മിഷൻ പ്രകാരം ഭവന നിർമ്മാണ ആനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.540/2025/LSGD തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:-

1. കാലടി ഗ്രാമപഞ്ചായത്തിന്റെ 12/06/2024 ലെ സാധാരണ യോഗത്തിലെ 7(1) നമ്പർ തീരുമാനം.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 30/01/2025 ലെ യോഗത്തിന്റെ ഖണ്ഡിക (4.42) തീരുമാനം.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിലെ ലൈഫ് 2020 ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃപട്ടികയിൽ ക്രമ നമ്പർ 4 ആയി ഉൾപെട്ട ശ്രീ.അഷറഫ് കുതിരപ്പറമ്പിലിന്റെ പിതാവിന് വാസയോഗ്യമായ വീടുള്ളതിനാൽ ലൈഫ് മാനദണ്ഡപ്രകാരം ആനുകൂല്യം നൽകാൻ സാധിക്കുകയില്ല. അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട, വൃദ്ധയായ മാതാവും, ഡയാലിസിന് വിധേയമായി അതീവ ഗുരുതരാവസ്ഥയിലുള്ള സഹോദരിയും മാനസികാരോഗ്യ പ്രശ്നത്തിന് ചികിത്സയിൽ കഴിയുന്ന അപേക്ഷകനും ഉൾപ്പെട്ട കുടുംബത്തിന്റെ ദയനീയ സാഹചര്യം പരിഗണിച്ച് ശ്രീ.അഷറഫ് കുതിരപ്പറമ്പിലിന് ലൈഫ് മിഷൻ പ്രകാരം ഭവന നിർമ്മാണത്തിന് പ്രത്യേക അനുമതി നൽകുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം 1 പ്രകാരം കാലടി ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025 ലെ യോഗം ഇക്കാര്യം പരിശോധിച്ചു. കുടുംബത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച്, മലപ്പുറം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിലെ ശ്രീ.അഷറഫ് കുതിരപ്പറമ്പിലിന് ലൈഫ് മിഷൻ പ്രകാരം ഭവന നിർമ്മാണ ആനുകൂല്യം നൽകുന്നതിന്

പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, കാലടി ഗ്രാമപഞ്ചായത്ത്, മലപ്പുറം

ശ്രീ.അഷറഫ് കുതിരപ്പറമ്പിൽ (സെക്രട്ടറി, കാലടി ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 27-02-2025 09:54:12
സെക്ഷൻ ഓഫീസർ